8409

പി.എൽ.2/63112/2017 ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം: /08/2017

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം: പൊ.വി. ശുചിത്വ മിഷൻ- " ഈ ഓണം വരും തലമുറയ്ക്ക് " എന്ന പേരിൽ ആശംസ കാർഡ് നിർമ്മാണ ക്യാമ്പയിൻ - സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 16/08/2017 ലെ 1607/ഇ1/2016 എസ്.എം. നം.കത്ത്,

പൊതു വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഈ ഓണക്കാലത്ത് "ഈ ഓണം വരും തലമുറയ്ക്ക് " എന്ന പേരിൽ ആശംസ കാർഡ് നിർമ്മാണ ക്യാമ്പയിൻ ശുചിത്വ മിഷൻ സംഘടിപ്പിക്കുന്നു. കേരളത്തിലെ ഗവൺമെന്റ് എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകളിലെ യു.പി ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കാണ് ഈ ക്യാമ്പയിനിൽ പങ്കെടുക്കാൻ കഴിയുക .

ഈ ക്യാമ്പയിനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ഓണാശംസാകാർഡ് നിർമ്മിച്ച് രക്ഷിതാക്കളുടെ ഒപ്പ് സഹിതം ഓണാവധിയ്ക്ക് ശേഷം വരുന്ന ആദ്യ പ്രവർത്തി ദിനം ക്ലാസ് ടീച്ചറെ ഏൽപിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന കാർഡുകളിൽ യു.പി.ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച മൂന്ന് കാർഡുകൾ ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺ ശേഖരിച്ച് സബ്ജില്ലാതല മത്സരത്തിന് നൽകേണ്ടതാണ്. സബ്ജില്ലാതലത്തിൽ ശുചിത്വ മിഷൻ ആർ.പി മാരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും അടങ്ങിയ സമിതി യു.പി.ഹൈസ്കൂൾ വിഭാഗങ്ങളിൽ മികച്ച മൂന്ന് കാർഡുകൾ വീതം തെരഞ്ഞെടുത്ത് ശുചിത്വ മിഷൻ ജില്ലാ ഓഫീസുകളിൽ എത്തിക്കുകയും ജില്ലാ തലത്തിൽ തെരഞ്ഞെടുക്കുന്ന മൂന്ന് കാർഡുകൾ സംസ്ഥാനതലത്തിലേയ്ക്ക് നൽകേണ്ടതുമാണ്.

സബ്ജില്ലാ തലത്തിലെ മികച്ച മൂന്ന് കാർഡുകൾക്ക് പ്രോത്സാഹന സമ്മാനവും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച മൂന്ന് കാർഡുകൾക്ക് ജില്ലാ ശുചിത്വ മിഷനും സംസ്ഥാന ശുചിത്വ മിഷനും -യഥാക്രമം സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നതാണ്. കാർഡുകളിൽ ഉൾപ്പെടുത്തേണ്ട സന്ദേശങ്ങൾ രൂപീകരിക്കാൻ വേണ്ട മുഖ്യആശയങ്ങൾ ശുചിത്വ മിഷൻ നൽകുന്നതാണ്. വിദ്യാർത്ഥികൾ നിർമ്മിക്കുന്ന മുഴുവൻ കാർഡുകളും സ്കൂൾ തലത്തിൽ മാതാപിതാക്കൾക്കും പൊതുജനങ്ങൾക്കും കാണാൻ കഴിയുന്ന വിധം പ്രദർശിപ്പിക്കേണ്ടതാണ്.

31/8/17

31/8
AS

2/9/17

പുറത്തെഴുത്ത് നമ്പർ A5/8409/2017 Dt 13/09/17
" — " — "
തങ്ങളുടെ ചാർജ് ഉള്ള പ്രധാന
അദ്ധ്യാപകരുടെയും അറിവിലേക്കും തുടർനടപടികൾക്കു-
മായി നൽകുന്നു.

for ഡി.ഇ.ഒ.

13.9.17